(ഇ) ഉണ്ടെങ്കിൽ ഈ അപേക്ഷയിൻമേൽ ഇതേവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(എഫ്) പ്രസ്തുത ആയുർവേദ ആശുപത്രി ആരംഭിച്ച കാലത്ത് നൽകിവന്നിരുന്ന വാടകനിരക്ക് മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചു നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 6-3-1961 മുതൽ പ്രവർത്തനം ആരംഭിച്ചു.

(ബി) പ്രതിമാസം 37 രൂപ നൽകുന്നുണ്ട്.

(സി) 1968 ജനുവരിയിലാണ് വാടകനിരക്ക് നിശ്ചയിച്ചത്.

(ഡി) ഉണ്ട്.

(ഇ) ലാൻറ് വാല്യൂ സർട്ടിഫിക്കറ്റും മറ്റു രേഖകളും ജില്ലാ മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(എഫ്) പൊതുമരാമത്ത് വകുപ്പിൽ നിന്നും റെൻറ് സർട്ടിഫിക്കറ്റ് ലഭിച്ചാലുടനെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കായംകുളത്തെ ആയുർവേദാശുപത്രി

59 [2105] ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തെ ആയുർവേദാശുപത്രി വാടക കെട്ടിടത്തിലാണോ സ്ഥിതി ചെയ്യുന്നത്;

(ബി) ആയുർവേദാശുപത്രി സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റി സ്ഥലം നൽകാമെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സ്ഥലം നൽകണമെന്ന് ആവശ്യപ്പെടുമോ?

ഉത്തരം

(എ) മുനിസിപ്പാലിറ്റി വാടക നൽകുന്ന കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഇല്ല.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്.

മഞ്ചേരി ആയുർവേദാശുപത്രിക്ക്
കെട്ടിടം നിർമ്മിക്കുവാൻ നടപടി

60 [2106] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ആയുർവേദാശുപത്രിക്ക് നാട്ടുകാർ നല്കിയ സ്ഥലം ആരോഗ്യവകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) പ്രസ്തുത ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly